LIBRARY ARCHIVES Kerala Legislative Assembly

(സി) മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

മരണമടഞ്ഞ ഹർഷാദിന്റെ മകന്റെ 18 വയസ്സ് വരെയുള്ള പഠനചെലവ് സർക്കാർ ഏറ്റെടുക്കുന്നതിനും തുടർ നടപടി സ്വീകരിക്കാനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കുടുംബത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിലിളവ് വരുത്തി 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒപ്പം സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ സീനിയോരിറ്റി മറികടന്ന് ടിയാന്റെ വിധവയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനും തീരുമാനിച്ചു.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മേലുദ്യോഗസ്ഥരുടെ അനുവാദമില്ലാതെ ഇത്തരം കൂടുകൾ തുറക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശവും ജീവനക്കാർക്ക് നൽകിയിട്ടുള്ള സുരക്ഷാ ഉപകരണങ്ങൾ ജോലി സമയത്ത് കർശനമായി ഉപയോഗിക്കുന്നതിനും ജോലി ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

മൃഗശാല ജീവനക്കാരുടെ സുരക്ഷ

373 (1358) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിന് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ സുരക്ഷ, ആരോഗ്യ പരിരക്ഷ എന്നിവ സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മൃഗശാലകളിൽ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമാണ് കൂടുകൾ പണികഴിപ്പിച്ചിട്ടുള്ളത്. മൃഗങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷ മുൻ നിർത്തി മൃഗങ്ങളുമായി നേരിട്ട് ബന്ധപ്പെടാതെതന്നെ അവയെ മാറ്റാൻ സാധിക്കുന്ന തരത്തിലുള്ള മാറ്റുകൂടുകളോടുകൂടിയാണ് മിക്ക കൂടുകളും നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മൃഗശാലയിൽ സി.സി.ടി.വി., വാക്കിടോക്കി, ഗാർഡുകളുടെ സേവനം, 24x7 നിരീക്ഷണ സംവിധാനമുള്ള കൺട്രോൾ റൂം, ജീവനക്കാർക്ക് ഗംബൂട്ട്, ഗ്ലൗസ്സ് മുതലായ സുരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കീപ്പർമാരെ ഇൻഡ്യയിലെ പ്രധാനപ്പെട്ട മൃഗശാലകളിൽ കൊണ്ടുപോയി പരിശീലനവും നൽകി വരുന്നുണ്ട്. ആരോഗ്യ പരിരക്ഷയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ജീവനക്കാർക്ക് പകർച്ചവ്യാധികൾ പിടിപെടുകയോ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റുകയോ ചെയ്താൽ സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ?

മൃഗശാലയിലെ മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് പിടിപെടാവുന്ന (Zoonotic disease) പകർച്ചവ്യാധികളൊന്നും തന്നെ മൃഗശാലകളിലെ ജീവനക്കാരെ ബാധിച്ചിട്ടില്ല. നാളിതുവരെ നടത്തിയിട്ടുള്ള മെഡിക്കൽ ക്യാമ്പുകളിൽ ഇക്കാര്യം വ്യക്തമായിട്ടുണ്ട്. മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റി സ്ഥിരമായ വൈകല്യമുണ്ടാകുകയാണെങ്കിൽ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് സ്കീമിൽ നിന്നുള്ള സഹായം ലഭ്യമാണ്. പരിക്ക് പറ്റി ചികിത്സയ്ക്ക് ചെലവാകുന്ന തുക മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് മുഖേനയും നൽകിവരുന്നുണ്ട്.

(സി) 2019-2021 കാലയളവിൽ സംസ്ഥാനത്തെ മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിനിടയിൽ ജീവാപായം സംഭവിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകുമോ?

2019-2021 കാലയളവിൽ രാജവെമ്പാലയുടെ കടിയേറ്റ് ഹർഷാദ് എന്ന ജീവനക്കാരൻ മരണപ്പെട്ട സംഭവം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(ഡി) ഇപ്രകാരം ജീവാപായം സംഭവിച്ച ജീവനക്കാരുടെ കുടുംബത്തിന് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെട്ട ഹർഷാദിന്റെ മകന്റെ 18 വയസ്സ് വരെയുള്ള പഠനചെലവ് സർക്കാർ ഏറ്റെടുത്ത് തുടർനടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കുടുംബത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തവായിട്ടുണ്ട്. കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിലിളവ് വരുത്തി 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒപ്പം സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ സീനിയോരിറ്റി മറികടന്ന് ടിയാന്റെ വിധവയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

വെറ്ററിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം

374(1359) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്ററിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം പൂർത്തിയായോയെന്നറിയിക്കാമോ?

വെറ്ററിനറി ഡോക്ടർമാരുടെ അവസാന ബാച്ച് വകുപ്പുതല പരിശീലനം 18-7-2021-ന് പൂർത്തികരിച്ചു.

(ബി) പരിശീലനത്തിന് പോകുന്ന വെറ്ററിനറി ഡോക്ടർമാർക്ക് പകരം അധിക ചുമതല നൽകുന്ന ഡോക്ടർമാർക്ക് തൃപ്തികരമായ സേവനം നൽകാൻ സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) മൃഗപരിപാലനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ അധികമുള്ള പ്രദേശങ്ങളിൽ ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)